**ചാലിയാറിലേക്ക് വൻതോതിൽ മാലിന്യങ്ങളൊഴുക്കുന്ന മമ്പാടിലെ ആർ.കെ. ലാറ്റക്സ് എന്ന റബർപാൽ സംസ്കരണ കമ്പനി തങ്ങൾക്കെതിരെ സമരം ചെയ്യുന്ന നാട്ടുകാർ സമരപന്തൽ കെട്ടാനെത്തിയപ്പോൾ അവർക്കുനേരെ അകാരണമായി വെടിയുതിർത്തതെന്തിന്? ഗ്വാളിയോർ റയോൺസിന്റെ മലിനീകരണത്തിൽ നിന്നും കഷ്ടിച്ചു രക്ഷപ്പെട്ട ഒരു പുഴയേയും പുഴയോരത്തേയും വീണ്ടും മലിനമാക്കിക്കൊണ്ടിരിക്കുന്ന ലാറ്റക്സ് ഫാക്ടറിക്കെതിരെ ഏഴ് വർഷമായി നടക്കുന്ന ജനകീയ സമരത്തെ തോൽപ്പിക്കാനുള്ള അധികാര സംവിധാനങ്ങളുടെ കുതന്ത്രങ്ങൾ എന്തെല്ലാം?**

# അളമുട്ടിയാൽ ചേരയും കടിക്കും

സി.ആർ. നീലകണ്ഠൻ

പനോലിൽ അബ്ദുള്ള മകൻ ബഷീർ എന്ന യുവാവും അദ്ദേഹത്തിന്റെ ഉമ്മയും അഞ്ചു സഹോദരിമാരും ഇന്നനുഭവിക്കുന്ന ദുരന്തത്തിന് ആരാണ് ഉത്തരവാദി? വീടിന്റെ ഏക വരുമാനമാർഗം ബഷീർ ചെയ്യുന്ന ജോലിയായിരുന്നു. വെടിയേറ്റ് തകർന്നുപോയത് ബഷീറിന്റെ കാൽ മാത്രമല്ല, കുടുംബമാകെയായിരുന്നു. മമ്പാട് എന്ന ഗ്രാമത്തിൽ ചാലിയാറിന്റെ തീരത്താണ് ബഷീറിന്റെ വീട്. ഒരു സന്ധ്യയ്ക്ക് വീട്ടിലേക്ക് കയറിച്ചെന്നപ്പോൾ കരഞ്ഞുകൊണ്ട് ഉമ്മ ആയിഷ ചോദിച്ചു, ഇനി ഞങ്ങളെന്തുചെയ്യണം? രണ്ടാഴ്ച മുമ്പ് കേരളത്തെ മുഴുവൻ ഞെട്ടിച്ച ഒരു സംഭവത്തിന്റെ ബാക്കിപത്രമാണിത്. ഇത് ബഷീറിന്റെ മാത്രം പ്രശ്നമല്ല. 19 വയസ്സുള്ള ജുനൈദാൻ എന്ന ചുറുചുറുക്കുള്ള യുവാവ് ഇന്ന് വലതുകാൽ ചലനമറ്റ് പ്ളാസ്റ്ററിൽ പൊതിഞ്ഞ് വീട്ടിൽ കഴിയുന്നു.

ആർ.കെ. ലാറ്റക്സ് എന്ന റബർ പാൽ സംസ്കരണ കമ്പനിക്കെതിരെ ഏഴുവർഷത്തിലധികമായി നടന്നുവരുന്ന സമരത്തിന്റെ ഒരുഘട്ടത്തിൽ കമ്പനിക്കു മുമ്പിൽ സമരപ്പന്തൽകെട്ടിക്കൊണ്ടിരുന്ന ആറേഴു യുവാക്കളിൽ ബഷീറും ജുനൈദാനുമുണ്ടായിരുന്നു. പന്തൽ കമ്പനിപ്പടിയിൽ നിന്നും നൂറു മീറ്ററോളം ദൂരെയാണ്. പള്ളിപ്പറമ്പിൽ നിന്നും ചെറിയ കൊന്നത്തടി വെട്ടി പന്തലിനു കാലിടണം. അതിനായാണ് ബഷീർ നടന്നു നീങ്ങിയത്. കമ്പനിയുടെ ഗേറ്റിൽ പതിവു സെക്യൂരിറ്റിക്കാർക്കു പുറമെ, നാലഞ്ചു ആളുകളെ കൂടി കണ്ടിരുന്നതായി ബഷീർ ഓർക്കുന്നു. എല്ലാവരും അന്യനാട്ടുകാർ, മലയാളമറിയാത്തവർ. സാധാരണ അവർ ഹിന്ദിയിലായിരുന്നു നാട്ടുകാരെ വിരട്ടിയിരുന്നത്. അന്നും അവരെന്തോ പറഞ്ഞു. പക്ഷെ ബഷീറിനോ കൂട്ടുകാർക്കോ ഒന്നും മനസിലാകാത്തതിനാൽ അവരവഗണിച്ചു. എന്നാൽ പെട്ടന്ന് അതിലൊരാൾ തോക്കെടുത്ത് വെടിവയ്ക്കുകയായിരുന്നു. അയാൾ പുതിയ ആളായിരുന്നു. വെടിവയ്ക്കുന്നതിനു മുമ്പ് അയാൾ ആരെയോ മൊബൈൽ ഫോണിൽ വിളിച്ചിരുന്നുവെന്ന് മറ്റുള്ളവർ ഓർമ്മിക്കുന്നു. വെടിയേറ്റ് ബഷീർ വീണതോടെ കൂടെ നിന്നവർ പകച്ചുപോയി. പിന്നിൽ നിന്നാണ് വെടിവച്ചതെന്നതിനാൽ എന്താണ് സംഭവിച്ചതെന്നു പോലും മനസിലാക്കാൻ പോലും സമയമെടുത്തു. പിന്നെ ബഷീറിനെ എടുക്കാനാണ് ജുനൈദാൻ മുന്നോട്ടുചെന്നത്. എന്നാൽ മൂർച്ചയുള്ള വടിവാളുമായി സെക്യൂരിറ്റിക്കാർ പാഞ്ഞുവന്ന് ജുനൈദാന്റെ കാലിൽ പലവട്ടം വെട്ടി. പിന്നീട് രണ്ടുപേരെയും മഞ്ചേരി ആശുപത്രിയിലേക്കും തുടർന്ന് കോഴിക്കോട് സ്വകാര്യ ആശുപത്രിയിലേക്കും കൊണ്ടുപോയി. ഇത്ര വലിയ അതിക്രമം നടത്തിയ കമ്പനി സെക്യൂരിറ്റിക്കും മാനേജ്മെന്റിനുമെതിരെ പൊലീസ് ഒരു നടപടിയും സ്വീകരിക്കാതെയിരുന്നതിനാൽ രോഷാകുലരായ പ്രത്തകർ കമ്പനിയിലേക്ക് ഇരച്ചുകയറി തീവെക്കുകയായിരുന്നു.

എന്തായാലും ഇപ്പോൾ മമ്പാട് പഞ്ചായത്തിൽ ഒരു കിലോമീറ്റർ സമചതുരപ്രദേശത്തിനകത്ത് പ്രവർത്തിക്കുന്ന നാലു ലാറ്റക്സ് കമ്പനികളും അടച്ചുകിടക്കുകയാണ്. ഈയൊരു പ്രദേശത്ത് നാലു ലാറ്റക്സ് കമ്പനികൾ വന്നുവെന്നത് അൽഭുതകരമാണ്. ഗ്വാളിയോർ റയൺസിന്റെ മലിനീകരണത്തിൽ നിന്നും കഷ്ടിച്ചു രക്ഷപ്പെട്ട ചാലിയാറിലേക്ക് വൻതോതിൽ മാലിന്യങ്ങളൊഴുക്കുന്നവയാണ് ഈ നാലു ലാറ്റക്സ് കമ്പനികളും. ഏതാണ്ട് മൂന്നു പതിറ്റാണ്ടിനു മുമ്പാണ് ഇവിടെ ആദ്യത്തെ ലാറ്റക്സ് കമ്പനി വരുന്നത്. തുടക്കത്തിൽ ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും മലിനീകരണം കാര്യമായില്ലാതെ തന്നെ പ്രവർത്തിക്കാൻ കഴിഞ്ഞു. ഇതിനിടയിൽ മറ്റു ചില ലാറ്റക്സ് കമ്പനികളും ഇവിടെ വന്നെങ്കിലും സാമ്പത്തിക- തൊഴിൽ

കുഴപ്പങ്ങൾ മൂലം അവയെല്ലാം പൂട്ടിപ്പോയി. അതിലൊന്ന് നിലമ്പൂർ പഞ്ചായത്ത് പ്രസിഡന്റ് ആര്യാടൻ ഷൗക്കത്തിന്റേതായിരുന്നു. നിലനിന്ന മാറാട്ടുകുളം ഗ്രൂപ്പിന്റെ മുതലാളി മരിക്കുകയും രണ്ടു മക്കൾ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തു. മൂത്തമകൻ മാത്യുകുഞ്ചെറിയ മാറാട്ടുകുളം എം.ഡിയും ഇളയമകൻ ജോയ് കുഞ്ചെറിയ മാറാട്ടുകുളം ഇ.ഡി (എക്സിക്യൂട്ടീവ് ഡയറക്ടർ) ആയി കമ്പനി തുടർന്നു. ഇവരെ ഇപ്പോഴും നാട്ടുകാർ എം.ഡി, ഇ.ഡി എന്നാണ് വിളിക്കുന്നതെങ്കിലും ഇവർ പിണങ്ങി രണ്ടു കമ്പനികളായി. കുടുംബവക ആയിരം ഏക്കർ റബ്ബർത്തോട്ടം ഉണ്ടായിരുന്നതിനാലാണ് പിരാഡ് ഈ കമ്പനി ആരംഭിച്ചത്. മാറാട്ട്, റൂബി എന്നീ രണ്ടു കമ്പനികൾ പ്രവർത്തനമാരംഭിച്ചു. ഇവർ തമ്മിലുള്ള സംഘർഷം പുതിയ കമ്പനികളെ ഇവിടേക്ക് കൊണ്ടു വരുന്നതിനു വഴിവച്ചു. ബാംഗ്ളൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ആർ.കെ (രെഞ്ജി കുര്യാക്കോസ്) എന്ന ശക്തമായ ഗ്രൂപ്പിന്റെ രംഗപ്രവേശം ഇന്നാട്ടുകാർക്ക് വലിയ ആഘാതമായിരുന്നു. വളരെ വലിയ ഇവർക്കു സ്വാധീനമുണ്ട്. ഇതിനിടയിൽ തന്റെ ഒരു ലൈസൻസ് ഇ.ഡി. തങ്കച്ചനെന്ന മറ്റൊരാൾക്കു കൈമാറി. അങ്ങനെ നാലാമത്തെ സ്ഥാപനമായി വേളാങ്കണ്ണി മാത റബ്ബർ പ്രൊഡക്ട്സും രംഗത്തെത്തി. ഇവർ നാലുപേരും മത്സരിച്ച് ജനങ്ങളെ ദ്രോഹിക്കുകയാണ്. മലിനീകരണ നിയന്ത്രണ ബോർഡും രാഷ്ട്രീയനേതാക്കളും പഞ്ചായത്തും ഇക്കാലമത്രയും ഇവരുടെ പണത്തിന്റെ സ്വാധീന വലയത്തിൽ തുടർന്നു.

ഇവരെന്നും ഒരു റബ്ബർ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന കമ്പനികളല്ല. സമീപവാസികളിൽ നിന്നും റബ്ബർ പാൽ വാങ്ങി വൻകിട സെൻട്രിഫ്യൂഗ് മെഷീനുകളിൽ പ്രവർത്തിപ്പിച്ച് അതിൻ ശുദ്ധീകരിച്ച പാൽ മാത്രം മലേഷ്യയിലേക്കു കയറ്റി അയക്കുകയും ബാക്കി പാലും മാലിന്യങ്ങളും പുറംതള്ളുകയുമായിരുന്നു. യാതൊരു മറയുമില്ലാതെ ഈ മാലിന്യങ്ങൾ പുറത്തു വിടുന്നത് വലിയ പ്രശ്നങ്ങളുണ്ടാക്കി. 2002 മുതൽ ജനങ്ങൾ സമരരംഗത്തു വന്നിരുന്നു. എന്നാൽ ഇവരുടെ ഉന്നതതല സ്വാധീനം മൂലം സമരങ്ങൾ ഫലവത്തായില്ല. ഈ കമ്പനികളെല്ലാം പുറത്തുവിട്ടിരുന്ന മാലിന്യങ്ങൾ ആ പ്രദേശത്തെ മണ്ണും വായുവും വെള്ളവും മലിനമാക്കി. അന്തിമമായി ഈ മാലിന്യങ്ങൾ വന്നു ചേർന്നത് ചാലിയാറിലാണ്. ആ പുഴയെ ആശ്രയിച്ച് ജീവിക്കുന്നവർ ആദ്യ ഇരകളായി. കുടിവെള്ളം മുട്ടി. കുളിക്കാൻ പോലും കഴിയാത്ത അവസ്ഥ വന്നു. മണൽവാരൽ തൊഴിലാളികളിൽ വലിയൊരു പങ്കും രോഗബാധിതരായി. ഗഫൂർ എന്ന 46 വയസുകാരൻ അർബുദം ബാധിച്ച് മരിച്ചത് ഈയിടെയാണ്. കഴിഞ്ഞ ഒന്നു രണ്ടു വർഷത്തിനിടയിൽ 17ലധികം പേർ ഈ പ്രദേശത്ത് കാൻസർ ബാധിച്ച് മരിച്ചു. ത്വക്ക് രോഗങ്ങൾ സർവ്വസാധാരണമായി. ഒരു കമ്പനിയിലെ മലിനജലം രണ്ടു വൻകുഴികളിലാണ് ശേഖരിക്കപ്പെട്ടത്. വർഷകാലത്ത് പമ്പ് ഉപയോഗിച്ച് ഇത് ചാലിയാറിലേക്ക് തള്ളുകയാണ് ചെയ്യുന്നത്. ഈ വെള്ളം കെട്ടിക്കിടക്കുന്നതിനു ചുറ്റുമുള്ള നൂറുകണക്കിന് വീടുകളിലെ സ്ത്രീകളും കുട്ടികളുമാണ് വല്ലാത്ത ദുരിതങ്ങളനുഭവിക്കുന്നത്. തലവേദനയില്ലാത്ത കുട്ടികൾ കുറവാണ്. രാത്രികാലങ്ങളിലാണിവർ മാലിന്യമൊഴുക്കുന്നത്.

ഈയടുത്ത കാലത്ത് മമ്പാടു വച്ച് ഒരു ഫുട്ബോൾ മേള നടന്നു. അന്നു കളി തുടങ്ങാൻ ഏറെ വൈകിയതിനാൽ നാട്ടുകാർക്ക് വല്ലാത്ത മണമടിച്ചു. ഇത് പ്രശ്നമുണ്ടാക്കിയപ്പോഴാണ് പുറത്തുള്ളവർ ഇതറിയുന്നത്. അതോടെ സമരം കൂടുതൽ ശക്തിപ്പെട്ടു.

മലിനീകരണ നിയന്ത്രണ സംവിധാനങ്ങളൊന്നും ഈ കമ്പനികളിലൊന്നിലും പ്രവർത്തിക്കുന്നില്ല. എല്ലാ കമ്പനികളും അനധികൃതമായാണ് പ്രവർത്തിക്കുന്നത്. അവർ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന്റെ അനുമതിയില്ല. ഒരു സെൻട്രിഫ്യൂജ് മെഷീനിനു മാത്രം അനുമതി വാങ്ങിയിടത്ത് എട്ടെണ്ണം വരെ പ്രവർത്തിപ്പിക്കുന്നു. റവന്യൂ അധികാരികളുടെ അനുമതിയില്ലാതെ പുഴയിൽ കിണർ നിർമ്മിച്ച് വെള്ളമെടുക്കുന്നു. അവിടെ ജോലി ചെയ്യുന്നവരെല്ലാം ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. 10- 12 മണിക്കൂർ സമയം ആരോഗ്യത്തിന് ഹാനികരമായ അന്തരീക്ഷത്തിൽ ജോലി ചെയ്യുന്നവർക്ക് 110 രൂപയാണ് വേതനം. യാതൊരു തൊഴിൽ നിയമങ്ങളും ഇവർക്കു ബാധകമല്ല. വണ്ടൂർ പഞ്ചായത്തിലേക്കടക്കം എട്ടു തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കുടിവെള്ളമെടുക്കുന്നതിനു മുകളിലാണ് കമ്പനി മാലിന്യമൊഴുക്കുന്നത്. മലിനീകരണ നിയന്ത്രണ ബോർഡ് വന്നപ്പോൾ ജനങ്ങൾ ഇടപെട്ട് അവരെക്കൊണ്ട് മലിനജലത്തിന്റെ സാമ്പിളെടുപ്പിക്കുകയായിരുന്നു. അത് അത്യന്തം അപകടകരമാണെന്ന് കണ്ടെത്തിയെങ്കിലും ഒരു നടപടിയുമുണ്ടായില്ല.

യാതൊരുവിധ ന്യായീകരണവുമില്ലാതെ ഒരാളെ വെടിവച്ചും മറ്റൊരാളെ വെട്ടിയും വീഴ്ത്തിയവർക്കെതിരെ കാര്യമായ ശിക്ഷാനടപടികളില്ല. പൊലീസിന്റെ ആക്രമണമില്ല. എന്നാൽ ഗതികെട്ട് സമരം ചെയ്തവരെ കള്ളക്കേസിൽ കുടുക്കാനും അറസ്റ്റ് ചെയ്ത് ജാമ്യം നൽകാതെ ജയിലിലടക്കാനും പൊലീസിനും വലിയ താൽപര്യമാണ്. എല്ലാ കമ്പനികൾക്കും കനത്ത പൊലീസ് കാവലുണ്ട്. ഹൈക്കോടതിയുടെ ഒരു പഴയ ഉത്തരവിന്റെ പിൻബലത്തിൽ ജനങ്ങളെ ദ്രോഹിക്കുന്ന പെലീസ് സംവിധാനത്തെ നിയന്ത്രിക്കാൻ പഞ്ചായത്ത് ഭരണസമിതിക്കോ രാഷ്ട്രീയ കക്ഷികൾക്കോ കഴിയുന്നില്ല. സമരത്തിന്റെ ഈ ഘട്ടത്തിൽ എല്ലാ രാഷ്ട്രീയ കക്ഷികളും ഒത്തൊരുമിച്ച് സമരത്തിനൊപ്പം നിൽക്കുന്നുണ്ട്. എങ്കിലും സമരസമിതിയിലെ പലർക്കും രാഷ്ട്രീയനേതൃത്വങ്ങളെ വിശ്വാസമില്ല. ഏതുനിമിഷവും അവർ മാറിയേക്കാമെന്ന് അവർ ഭയപ്പെടുന്നു. എന്തായാലും ജനങ്ങൾ ഒരുമിച്ച് നിന്നാൽ കക്ഷികൾക്ക് മറ്റു വഴിയില്ലല്ലോ. അളമുട്ടിയാൽ ചേരയും കടിക്കും എന്നതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണിത്.

തണൽ, കൊച്ചി- 21